ഏതാണ്ട് 11 വർഷം പഴക്കമുള്ള 'സൂപ്പർസ്റ്റാർക്ക്' ഉപയോഗിച്ചാണ് നാം ഇന്നും കണ്ടെയ്നർ എടുക്കുന്നത്. വളരെ പുതിയ 'സൂപ്പർസ്റ്റർക്ക്'കൾ ഇറങ്ങിയിട്ടുണ്ട്. നമുക്കും അവ പ്രയോയനപ്പെടുത്താൻ കഴിയണം.

**Q** കുടുംബം ?

ഭാര്യ, രണ്ട് മക്കൾ - മിഥുൻ ക്ലീറ്റസ്, മെൽജിൻ ക്ലീറ്റസ്

**Q** മറക്കാൻ കഴിയാത്ത അനുഭവം?

ഒരിക്കൽ ഒരപകടം നടന്നത് ഇപ്പോഴും മറക്കാൻ കഴിഞ്ഞിട്ടില്ല! ക്രെയിൻ TCയിലൂടെ കണ്ടെയ്നർ ഓടികൊണ്ടിരിക്കുമ്പോൾ താഴെ വീണു. കണ്ടെയ്നർ മാറ്റാൻ മറ്റൊരു ക്രെയിൻ വരുന്നതിൽ താമസം വന്നിരുന്നു. അപകടം നടക്കുന്നത് രാത്രി 9.30ന്. ഒരു രാത്രിയും പിറ്റേന്ന് വൈകുന്നരം വരെയും ഏകദേശം 20 മണിക്കൂറോളം വീണ കണ്ടെയ്നർ തെന്നിമാറാതിരിക്കാനുള്ള ശ്രമം നടത്തി. വലിയ തടിക്കട്ടകൾ എല്ലാം എങ്ങിനെഎടുത്തു വെച്ചു എന്നറിയില്ല! ഈ നേരം വരെ ആരും വിശപ്പോ, ദാഹമോ എന്തെന്നറിയാതെ പ്രവർത്തിച്ച നിമിഷങ്ങളായിരുന്നു.

Interview
Subrahmanian

# തൊഴിലിൽ ദൃഢനിശ്ചയം വേണം



**ഞങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിഞ്ഞവരാണ്; ഞാനവരെ വഴക്കുപറഞ്ഞിട്ടുണ്ട്, പക്ഷെ; അതെല്ലാം തൊഴിലിലെ പുരോഗതിക്കുവേണ്ടി മാത്രമായിരുന്നു. 35 വർഷത്തിനുശേഷം പ്രൈം മൂവർ സെക്ഷനിലെ ഫോർമാനായി സേവനത്തിൽ നിന്നും വിരമിക്കുന്ന ഇരിങ്ങാലക്കുട പള്ളിയാടത്ത് വീട്ടിൽ സുബ്രമണ്യന്റെ വാക്കുകളിൽ ഒരു കുടുംബനാഥന്റെ ഉത്തരവാദിത്ത്വബോധവും, കണിശതയും...**

**Q** 35 വർഷത്തെ സേവനത്തിനിടയിൽ ഏറെ ആഹ്ളാദം തോന്നിയ സമയം എപ്പോഴാണ്?

ഈ തുറമുഖകേന്ദ്രത്തിന്റെ പുരോഗതിയാണ് ഞാൻ എന്നും ആഗ്രഹിച്ചത്. അതിന് എന്നാൽ കഴിയുന്ന തരത്തിൽ എനിക്ക് പങ്കാളിയാകാൻ കഴിഞ്ഞു. ഞാൻ നേരത്തെ ആഗ്രഹിച്ച പുരോഗതി ഇന്ന് ഈ ഒരുവർഷത്തിനിടയിൽ സംഭവിക്കുന്നത് എനിക്ക് കാണാനായി. ഇത് നല്ല സൂചനയാണ്; അഭിമാനമുണ്ട്.

**Q** തൊഴിൽ സൗകര്യമൊരുക്കുന്നതിൽ മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും പോരായ്മകൾ കാണുന്നുണ്ടോ?

സൗകര്യങ്ങളിൽ കുറവുണ്ട്. 78 വർഷം പഴക്കംചെന്ന 'ക്രെയിൻഓവർ' ആണ് നാം ഇപ്പോഴും ഉപയോഗിക്കുന്നത്. 24 മണിക്കൂർ മാത്രം പ്രവർത്തിപ്പിക്കേണ്ട 'ക്രെയിൻ ഓവർ' രണ്ടും മൂന്നും ദിവസം നാം ഉപയോഗിക്കുന്നു. ഇതൊരിക്കലും അനുഗുണമല്ല. ഇവ മാറ്റേണ്ട സമയം കഴിഞ്ഞു. മറ്റൊന്ന്; വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ഒരു ഗ്യാരേജ് ഇല്ല. എട്ടുമണിക്കൂറുകൾ നീളുന്ന പണിക്കിടെ ഒരു വാഹനം ശരാശരി രണ്ടായിരം മൂവായിരം പ്രാവശ്യം ഈ റോഡിലൂടെ ഓടുന്നുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്ന കാലദൈർഘ്യം കുറയ്ക്കാൻ ശ്രദ്ധിക്കണം.

**Q** എന്തെല്ലാം പ്രത്യേകതകളാണ് ഇവിടത്തെ തൊഴിൽ അന്തരീക്ഷത്തിൽ കാണാനായത്?

ഇവിടെ സുപ്പീരിയർ ആയ ഒരു ഓഫീസറും അങ്ങേയറ്റം താഴെയുള്ള ഒരു തൊഴിലാളിയും തമ്മിൽ ഒരു ആത്മബന്ധം കാണാൻ കഴിയും. സൗകര്യങ്ങൾക്കൊപ്പം സുരക്ഷിതബോധം ഉണർത്തുന്നതിൽ ഇതിന് വളരെ പങ്കുണ്ട്.

**Q** അങ്ങയുടെ പിൻമുറക്കാരായ് വരുന്നവർക്ക് എന്ത് സന്ദേശമാണ് നല്കാനുള്ളത്?

ഞാൻ ഇന്ന് ഇത്രയും കാര്യങ്ങൾ ചെയ്യും എന്ന ദൃഢനിശ്ചയവും അത് നേടാനുള്ള പരിശ്രമവും വേണം. ആ തൊഴിൽ സംതൃപ്തിയിൽ അനുഭവിക്കുന്ന സുഖം നമ്മെ എന്നും കരുത്തരാക്കും.

**Q** വിരമിക്കുമ്പോൾ എന്തുതോന്നുന്നു?

വിഷമമുണ്ട്. വെറുതെയിരിക്കാൻ താല്പര്യമില്ലാത്ത ഒരാളാണ് ഞാൻ. ഇനി കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാം. ഭാര്യ റിട്ട. ടീച്ചർ സുലോചന. രണ്ട് മക്കൾ.

പിന്നെ കുറച്ച് പറമ്പുണ്ട്. തെങ്ങും കവുങ്ങും കണ്ടൽ കൃഷിയുമൊക്കെയായി ജീവിതത്തിന്റെ ഈ പച്ചപ്പ് നുകർന്ന്, മുന്നോട്ട് പോകണം.




ഇന്ത്യാ ഗേറ്റ്‌വേ ടെർമിനലിൽ നിന്ന് വിരമിച്ച പി.കെ. സുരേന്ദ്രന്, ജനറൽ മാനേജർ സുരേഷ് ജോസഫ് കമ്പനിയുടെ ഉപഹാരം നൽകുന്നു

## ക്വിസ്

Quiz

**"സമന്വയം വായിക്കുക; ഉത്തരം എഴുതുക"**

**2006 ജൂൺ 20 വരെയുള്ള കണക്കുകൾ അനുസരിച്ച് വെസ്സൽ ഓപ്പറേഷൻ പെർഫോമൻസ് റെക്കോർഡ് പ്രകാരം, ഒരു ഷിഫ്ടിലെ ഏറ്റവും കൂടുതൽ കണ്ടെയ്നർ കയറ്റിറക്ക് എത്രയാണ് ?**

നിങ്ങളുടെ ഉത്തരങ്ങൾ ഓഫീസിലെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന ബോക്സിൽ (Suggestion Box) 2006 ജൂലൈ 10ന് മുമ്പായി സമർപ്പിക്കണം. ശരിയായ ഉത്തരങ്ങളിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കും.

## മികച്ച നിർദ്ദേശം:

## കെ. കുഞ്ഞിന് പ്രോത്സാഹനസമ്മാനം

കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് തടസ്സങ്ങൾ കുറയ്ക്കാൻ തൊഴിലാളികളിൽ നിന്നും ക്ഷണിച്ച മികച്ച നിർദ്ദേശത്തിന് ടാലി സൂപ്പർവൈസർ കെ. കുഞ്ഞ് സമ്മാനാർഹനായി. 'ടി.സി.യുടെ നമ്പർ മദ്ധ്യഭാഗത്ത് പതിക്കുന്നതിനുപകരം ടി.സി.യുടെ നാല് തൂണുകളുടെയും ഇരുഭാഗങ്ങളിലായി മുകളിൽ പതിക്കണം' എന്നതായിരുന്നു കുഞ്ഞിന്റെ നിർദ്ദേശം. കുഞ്ഞിന് പ്രോത്സാഹനസമ്മാനം നൽകും.